**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 61** **22-02-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് ബാധിച്ച് മരിച്ച പ്രവാസികളുടെ ആശ്രിതർക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് ബാധിച്ച് വിദേശ രാജ്യങ്ങളിൽ കേരളീയരായ എത്രയാളുകൾ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഇത് സംബന്ധിച്ച ഡാറ്റ തയ്യാറാക്കുന്നതിനായി ജില്ലാ കളക്ടർമാർ, വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകൾ, കേന്ദ്ര വിദേശകാര്യ മന്ത്രാലയം എന്നിവയുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിച്ച് വരുന്നുണ്ട്. |
| (ബി) | കോവിഡ് ബാധിച്ച് വിദേശ രാജ്യങ്ങളിൽ മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ; | (ബി) | കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാനസർക്കാർ കോവിഡ് എക്സ്ഗ്രേഷ്യ അനുവദിക്കുന്നുണ്ടെങ്കിലും, ദേശീയ ദുരന്ത നിവാരണ അതോറിറ്റിയും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ രേഖകൾ പ്രകാരം വിദേശത്ത് വെച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് നിലവിൽ കോവിഡ് എക്സ് ഗ്രേഷ്യക്ക് അർഹതയില്ല. ഇത് സംബന്ധിച്ച മാനദണ്ഡങ്ങളിൽ ഇളവനുവദിക്കുവാൻ മുഖ്യമന്ത്രി തലത്തിൽ ബഹു. പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതേസമയം , കോവിഡ് ബാധിച്ച് വിദേശ രാജ്യങ്ങളിൽ മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സാന്ത്വന പദ്ധതി പ്രകാരം പരമാവധി ഒരു ലക്ഷം രൂപയും, പ്രവാസി ക്ഷേമനിധിയിൽ അംഗമായിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് അൻപതിനായിരം രൂപയും മരണാനന്തര ധനസഹായം അനുവദിക്കുന്നുണ്ട്. കോവിഡ് മൂലം മരണപ്പെട്ട പ്രവാസികളുടെ അവിവാഹിതരായ പെൺ മക്കൾക്ക് ആർ.പി ഫൗണ്ടേഷന്റെ സാമ്പത്തിക പിന്തുണയോടെ നോർക്ക റൂട്ട്സ് നടപ്പിലാക്കിയിട്ടുള്ള പ്രവാസി തണൽ പദ്ധതി പ്രകാരം 25000/- രൂപ വീതം ഒറ്റത്തവണ ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ഇവർക്ക് ധനസഹായം അനുവദിക്കുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാനസർക്കാർ കോവിഡ് എക്സ്ഗ്രേഷ്യ അനുവദിക്കുന്നുണ്ടെങ്കിലും, ദേശീയ ദുരന്ത നിവാരണ |

| | | | |
|---|---|---|---|
| | | | അതോറിറ്റിയും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ രേഖകൾ പ്രകാരം വിദേശത്ത് വെച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് നിലവിൽ കോവിഡ് എക്സ് ഗ്രേഷ്യക്ക് അർഹതയില്ല. ഇത് സംബന്ധിച്ച മാനദണ്ഡങ്ങളിൽ ഇളവനുവദിക്കുവാൻ മുഖ്യമന്ത്രി തലത്തിൽ ബഹു. പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതേസമയം , കോവിഡ് ബാധിച്ച് വിദേശ രാജ്യങ്ങളിൽ മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സാന്ത്വന പദ്ധതി പ്രകാരം പരമാവധി ഒരു ലക്ഷം രൂപയും, പ്രവാസി ക്ഷേമനിധിയിൽ അംഗമായിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് അൻപതിനായിരം രൂപയും മരണാനന്തര ധനസഹായം അനുവദിക്കുന്നുണ്ട്. കോവിഡ് മൂലം മരണപ്പെട്ട പ്രവാസികളുടെ അവിവാഹിതരായ പെൺ മക്കൾക്ക് ആർ.പി ഫൗണ്ടേഷന്റെ സാമ്പത്തിക പിന്തുണയോടെ നോർക്ക റൂട്ട്സ് നടപ്പിലാക്കിയിട്ടുള്ള പ്രവാസി തണൽ പദ്ധതി പ്രകാരം 25000/- രൂപ വീതം ഒറ്റത്തവണ ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ